പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 285 | 18.03.2013 - ൽ മറുപടിയ്ക്ക്

## കാർഷിക സർവ്വകലാശാല ഡ്രൈവർക്കെതിരെയുള്ള കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കേരള കാർഷിക സർവ്വകലാശാലയുടെ കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ ജോലിചെയ്തുവന്നിരുന്ന എൽ.ഡി.വി. ഡ്രൈവർ അബ്ദുൾ റഹിമാൻ സർവ്വകലാശാലയുടെ വെള്ളാനിക്കര ക്വാർട്ടേഴ്സിൽ താമസിച്ചുവരവേ സമീപത്തുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചത് സംബന്ധിച്ച് മണ്ണൂത്തി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. ഇതുസംബന്ധിച്ച് മണ്ണൂത്തി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 251/2012 u/s. 10 of Protection of Children from Sexual Offence Act 2012, Section 23 JJ Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) | എങ്കിൽ സർവ്വകലാശാല ഉത്തരവ് ജി.എ/എൽ3/33018/12 തീയതി 27/12/2012 പ്രകാരം സസ്പെൻഷനിലായ പ്രസ്തുത ഡ്രൈവർക്കെതിരെയുള്ള പോലീസ് അന്വേഷണത്തിന്റേയും തുടർനടപടിയുടെയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (ബി) | ടിയാനെതിരെയുള്ള കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (സി) | മേൽ സൂചിപ്പിച്ച വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, അന്വേഷണം ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ത്വരിതഗതിയിൽ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ